REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-07-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ധനമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ച ബജറ്റ് സുസ്ഥിര വികസനത്തിന് തെളിവെന്ന് കേന്ദ്രമന്ത്രി ജെ പി നദ്ദ. ബജറ്റ് BJP സഖ്യ കക്ഷികൾക്ക് അനുകൂലമെന്ന് പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി.
- രാജ്യത്തെ 15 കോടി ഗ്രാമീണ കുടുംബങ്ങൾക്ക് "പൈപ്പ് വെള്ള കണക്ഷൻ" നൽകുക എന്ന ചരിത്ര നേട്ടം കൈവരിച്ച് ദേശീയ ജൽ ജീവൻ മിഷൻ.
- നിപയിൽ വീണ്ടും ആശ്വാസം. 17 പരിശോധനാ ഫലങ്ങൾ കൂടി നെഗറ്റീവ് എന്ന് മന്ത്രി വീണാ ജോർജ്.
- കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വേണ്ടി ഗംഗാവലി പുഴ കേന്ദ്രീകരിച്ച് സൈന്യം ഇന്ന് തെരച്ചിൽ നടത്തും.
- വടക്കൻ ജില്ലകളിൽ ശനിയാഴ്ച വരെ കനത്ത മഴ. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.
- വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ സെമിയിൽ.

## വാർത്തകൾ വിശദമായി

**നരേന്ദ്ര മോദി ഗവൺമെന്റിന്റെ മൂന്നാം ടേമിലെ ആദ്യ ബജറ്റ് ഇന്ത്യയുടെ സമഗ്രമായ വളർച്ചയുടെയും സുസ്ഥിര വികസനത്തിന്റെയും സാമ്പത്തിക പ്രതിരോധത്തിന്റെയും തെളിവാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രിയും BJP അധ്യക്ഷനുമായ J.P നദ്ദ പറഞ്ഞു. അടിസ്ഥാന സൗകര്യ വികസനം, സാങ്കേതിക നവീകരണം,**

സാമൂഹിക ക്ഷേമം എന്നിവയ്ക്ക് ബജറ്റ് മുൻഗണന നൽകുന്നുണ്ടെന്ന് അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

യുവാക്കൾ, സ്ത്രീകൾ, ദരിദ്രർ, കർഷകർ തുടങ്ങിയവർക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതാണ് ബജറ്റെന്നും നദ്ദ പറഞ്ഞു.

✪✪✪

കേന്ദ്ര ബജറ്റിനെ വിമർശിച്ച കോൺഗ്രസ്, ബജറ്റിൽ സാധാരണക്കാർക്ക് ആശ്വാസമില്ലെന്നും ആരോപിച്ചു. ബജറ്റ് BJP സഖ്യകക്ഷികൾക്ക് അനുകൂലമാണെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി സോഷ്യൽ മീഡിയ പോസ്റ്റിൽ കുറ്റപ്പെടുത്തി .

രാജ്യം മുഴുവൻ പണപ്പെരുപ്പത്തിൽ പൊറുതിമുട്ടുകയാണെന്നും എന്നാൽ വിലക്കയറ്റം നേരിടാൻ നടപടികളെക്കുറിച്ച് ബജറ്റിൽ പരാമർശമില്ലെന്നും പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ആരോപിച്ചു. യുവാക്കൾക്കു കോൺഗ്രസിന്റെ പദ്ധതി ഗവൺമെന്റ് പകർത്തി പേര് മാറ്റുകയാണെന്ന് സോഷ്യൽ മീഡിയ പോസ്റ്റിൽ ഖാർഗെ ആരോപിച്ചു.

✪✪✪

റെയിൽവേയ്ക്കു കേന്ദ്ര ബജറ്റിൽ രണ്ട് ലക്ഷത്തി 62,200 കോടി രൂപ വകയിരുത്തിയ നടപടി ചരിത്രപരമാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഇത് റെയിൽവേക്ക് വലിയ ഉത്തേജനം നൽകുമെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. മൊത്തം ബജറ്റ് വിഹിതത്തിൽ ഒരു ലക്ഷത്തി എട്ടായിരം കോടി രൂപ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ടെന്ന് വൈഷ്ണവ് അറിയിച്ചു. സുരക്ഷ, യാത്രക്കാരുടെ സൗകര്യം, ശേഷി വർദ്ധിപ്പിക്കൽ, റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ബജറ്റിൽ ഊന്നൽ നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ബജറ്റിൽ അസംതൃപ്തി പ്രകടിപ്പിച്ച് പ്രതിപക്ഷ ഇന്ത്യ ബ്ലോക്ക് MP മാർ പാർലമെന്റിലേക്ക് ഇന്ന് പ്രതിഷേധ മാർച്ച് നടത്തും. ബജറ്റിൽ NDA ഇതര സംസ്ഥാനങ്ങളോട് വിവേചനം കാണിച്ചുവെന്നാരോപിച്ചാണ് മാർച്ച്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗെയുടെ ഡൽഹിയിലെ വസതിയിൽ ചേർന്ന യോഗം പാർലമെന്റിനകത്തും പ്രതിഷേധിക്കാൻ തീരുമാനിച്ചു.

✪✪✪

കേരളത്തെ പൂർണ്ണമായും അവഗണിച്ച ബജറ്റ് നിരാശാജനകമാണെന്ന് ഷാഫി പറമ്പിൽ M.P അഭിപ്രായപ്പെട്ടു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സഹായമോ ജനപ്രിയ പദ്ധതികളോ ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

അടിസ്ഥാന സൗകര്യ വികസനം, വ്യവസായ - വാണിജ്യ മേഖലകളുടെ വളർച്ച,ആരോഗ്യ-വിദ്യഭ്യാസ രംഗത്തെ മുന്നേറ്റം എന്നിവ ലക്ഷ്യം വെയ്ക്കുന്ന ബജറ്റ്, രാജ്യത്തിന്റെ സമഗ്രവികസനത്തിനായി ദീർഘവീക്ഷണത്തോടെ അവതരിപ്പിച്ചതാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി M.T രമേശ് പറഞ്ഞു. യുവാക്കളുടെയും നവസംരംഭകരുടെയും ഉന്നമനം ലക്ഷ്യംവച്ച് നൈപുണ്യ വികസന പദ്ധതികളും നവസംരംഭങ്ങൾ ആരംഭിക്കുന്നതിന് മുദ്രാവായ്പ പരിധി ഉയർത്തിയതും പ്രതീക്ഷനൽകുന്നതാണെന്നും അദ്ദേഹം കോഴിക്കോട്ട് പ്രസ്താവനയിൽ പറഞ്ഞു.

✪✪✪

കേന്ദ്ര ബജറ്റ് പൊതുവേ സ്വാഗതാർഹമെന്ന് മലബാർ ഡവലപ്മെന്റ് കൗൺസിൽ അഭിപ്രായപ്പെട്ടു. നികുതിയിലെ ഇളവുകളും. സ്വർണം, വെള്ളി, മൊബൈൽ ഫോൺ, സോളാർ പാനൽ, മരുന്നുകൾ എന്നിവയുടെ വിലകുറയുന്നതും അശ്വാസകരമാണെന്നും കൗൺസിൽ ഭാരവാഹികൾ അറിയിച്ചു.

✪✪✪

രാജ്യത്തെ 15 കോടി ഗ്രാമീണ കുടുംബങ്ങൾക്ക് “പൈപ്പ് വെള്ള കണക്ഷൻ” നൽകുക എന്ന ചരിത്ര നേട്ടം കൈവരിച്ച് ദേശീയ ജൽ ജീവൻ മിഷൻ. അഞ്ച് വർഷത്തിനിടെയാണ് കണക്ഷൻ മൂന്ന് കോടിയിൽ നിന്ന് 15 കോടിയായി വർദ്ധിപ്പിച്ചത്. ഈ വർഷത്തോടെ എല്ലാ ഗ്രാമങ്ങളിലെയും വീടുകളിൽ പൈപ്പ് വഴി വെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ 2019-ലാണ് ദൗത്യം പ്രഖ്യാപിച്ചത്.

ഈ നാഴികക്കല്ല് കൈവരിച്ചതിലൂടെ രാജ്യത്ത് ശുദ്ധജലം സമ്മാനിക്കുക മാത്രമല്ല, സാധാരണക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തിയെന്നും ജൽശക്തി മന്ത്രി C R പാട്ടീൽ സമൂഹ മാധ്യമത്തിൽ കുറിച്ചു.

എട്ട് സംസ്ഥാനങ്ങളും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളും 100 ശതമാനം നേട്ടം കൈവരിച്ചതായും അദ്ദേഹം അറിയിച്ചു.

✪✪✪

നിപ രോഗബാധയുമായി ബന്ധപ്പെട്ട് ഇന്നലെ പുറത്തു വന്ന 17 സ്രവ പരിശോധനാ ഫലങ്ങളും നെഗറ്റീവ് ആണെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറം കളക്ടറേറ്റ് കോൺഫ്രൻസ് ഹാളിൽ നിപ അവലോകന യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...(വോയ്സ്).....

ഐസൊലേഷനിൽ കഴിയുന്നവർ 21 ദിവസത്തെ ക്വാറന്റയിനിൽ തുടരണമെന്നും പ്രോട്ടോകോൾ ലംഘിക്കുന്നവർക്കെതിരെ പൊതുജനാരോഗ്യ നിയമപ്രകാരം നിയമനടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

നിലവിൽ 460 പേരാണ് സമ്പർക്ക പട്ടികയിൽ. ഹൈറിസ്ക് വിഭാഗത്തിൽപ്പെട്ട 220 പേരിൽ, 142 പേർ ആരോഗ്യ പ്രവർത്തകരാണ്. സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട 19 പേരാണ് വിവിധ ആശുപത്രികളിൽ ചികിത്സ തുടരുന്നത്. മഞ്ചേരി മെഡിക്കൽ കോളേജിൽ 17 പേരും തിരുവനന്തപുരത്ത് രണ്ടു പേരും.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഇതുവരെ പാണ്ടിക്കാട് 10,248 വീടുകളും ആനക്കയത്ത് 7807 വീടുകളും സന്ദർശിച്ചു. പാണ്ടിക്കാട് 728 പനി കേസുകളും ആനക്കയത്ത് 286 പനിക്കേസുകളുമാണ് റിപ്പോർട്ട് ചെയ്തത്. രോഗ ബാധയുമായി ബന്ധപ്പെട്ട് യാതൊരു ആശങ്കയുടെയും ആവശ്യമില്ലെന്നും മന്ത്രി പറഞ്ഞു.

✪✪✪

നിപയുടെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ N കോബ്രഗഡെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശിച്ച് സ്ഥിതി വിലയിരുത്തി. നിപ ഐസൊലേഷൻ വാർഡും കഴിഞ്ഞ ദിവസം പുനെയിൽ നിന്ന് എത്തിയ ബയോ സേഫ്റ്റി ലെവൽ-3 മൊബൈൽ ലാബും അദ്ദേഹം സന്ദർശിച്ചു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഉന്നത ഉദ്യോഗസ്ഥർ, വകുപ്പ് മേധാവികൾ എന്നിവരുമായി ചർച്ച നടത്തി.

അതിനിടെ, മൊബൈൽ ലാബിൽ സ്രവ പരിശോധനക്കു ഒരുക്കങ്ങൾ പൂർത്തിയായതായി അധികൃതർ അറിയിച്ചു. ഇന്ന് മുതൽ പരിശോധന നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ ലോറിയുൾപ്പെടെ കാണാതായ കോഴിക്കോട് സ്വദേശി അർജുന് വേണ്ടി തെരച്ചിൽ ഒൻപതാം ദിവസമായ ഇന്നും തുടരും. ഗംഗാവലി പുഴ കേന്ദ്രീകരിച്ചാണ് സൈന്യം തിരച്ചിൽ നടത്തുക.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

കഴിഞ്ഞ ദിവസം റഡാർ സിഗ്നൽ ലഭിച്ച അതേ സ്ഥലത്ത് നിന്നും സോണാർ സിഗ്നലും ലഭിച്ചിട്ടുണ്ടെന്നും, ഇത് രക്ഷാദൗത്യത്തിൽ നിർണായകമായേക്കുമെന്നും സൈന്യം അറിയിച്ചു. ശക്തമായ അടിയൊഴുക്ക് മൂലമാണ് ഇന്നലെ ഈ പ്രദേശത്ത് ഇറങ്ങാൻ കഴിയാതെ വന്നത്. രണ്ട് സിഗ്നലുകളും ഒരു വലിയ വസ്തുവിന്റെ സാന്നിധ്യം സൂചിപ്പിക്കുന്നതിനാൽ അവിടെ ആകും ഇന്ന് തെരച്ചിലിന്റെ കേന്ദ്ര ബിന്ദുവെന്നും നാവിക സേന വ്യക്തമാക്കി. ഐബോഡ് എന്ന ഉപകരണം ഉപയോഗിച്ചും പരിശോധന നടത്താനാണ് നാവികസേനയുടെ തീരുമാനം. ആകാശത്ത് നിന്ന് നിരീക്ഷിച്ച് ചെളിക്കടിയിൽ പൂഴ്ന്ന് പോയ വസ്തുക്കളുടെ സിഗ്നലുകൾ കണ്ടെത്തുന്ന ഉപകരണമാണ് 'ഐബോഡ്'.

അതിനിടെ, മണ്ണിടിഞ്ഞതിന് പിന്നാലെ ഗംഗാവാലി പുഴയുടെ മറുകരയിലുള്ളവർ ഭയന്നോടുന്ന ദൃശ്യങ്ങളടങ്ങിയ വീഡിയോ പുറത്തുവന്നു. വാഹനങ്ങൾ ഒഴുകി പോകുന്നതായി അവർ പറയുന്നതും ദൃശ്യങ്ങളിലുണ്ട്.

ഇപ്പോൾ നടത്തുന്ന തെരച്ചിലിൽ കുടുംബത്തിന് തൃപ്തിയുണ്ടെന്ന് അർജുന്റെ സഹോദരി മാധ്യമങ്ങളോട് പറഞ്ഞു. തെരച്ചിൽ തുടരണമെന്നും അവർ ആവശ്യപ്പെട്ടു.

✪✪✪

എക്സൈസ് വകുപ്പിനെ ആധുനികവൽക്കരി ക്കുന്നതിനാണ് ഗവൺമെന്റ് ഊന്നൽ നൽകുന്നതെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. അമരവിള എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമാണ ഉദ്ഘാടനം നിർവഹി ക്കുകയായിരുന്നു മന്ത്രി.

പുതിയ കാലത്തെ വെല്ലുവിളികൾ നേരിടാൻ എക്സൈസ് വകുപ്പിനെ പ്രാപ്തമാക്കുകയാണെന്നും, പത്തുപതിനഞ്ചു കൊല്ലം മുമ്പ് നേരിട്ട വെല്ലുവിളികൾ അല്ല ഇന്ന് വകുപ്പ് അഭിമുഖീകരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് മയക്കുമരുന്ന് വലിയ വിപത്തായി മാറിയിട്ടുണ്ട്. നിറം, മണം അല്ലെങ്കിൽ മറ്റേതെങ്കിലും സവിശേഷത കൊണ്ട് എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയാത്ത മാരകമായ സിന്തറ്റിക് മയക്കുമരുന്നുകളുടെ വ്യാപനമടക്കം തടയേണ്ടതുണ്ടെന്നും രാജേഷ് വ്യക്തമാക്കി.

✪✪✪

സമൂഹത്തിലെ പരമ്പരാഗത രീതികൾ ഉന്നമനത്തിലൂടെ ഇല്ലാതാക്കി സ്ത്രീകളുടെ വിധി വാക്യങ്ങൾ തിരുത്തിയ പ്രസ്ഥാനമാണ് കുടുംബശ്രീ എന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. നെയ്യാറ്റിൻകര പെരുങ്കടവിള അണമുഖത്ത് കുടുംബശ്രീയുടെ നിറപ്പൊലിമ, ഓണക്കനി പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളത്തിന് വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കുന്ന പദ്ധതിയാണ് ഓണക്കനി. കുടുംബശ്രീ കർഷക സംഘങ്ങളുടെ പൂകൃഷി പദ്ധതിയാണ് നിറപ്പൊലിമ. പൂവും പച്ചക്കറിയും ലഭ്യമാക്കുന്നതോടൊപ്പം സ്ത്രീകൾക്ക് വരുമാന മാർഗമൊരുക്കാനും ഇരുപദ്ധതികളും വഴി സാധിക്കുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

വനവിസ്തൃതി കൂട്ടുന്ന നടപടികളിലേക്കു ഗവൺമെന്റ് നീങ്ങില്ലെന്നും എന്നാൽ നിലവിലെ വനഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ ശുഷ്കാന്തി കാണിക്കുമെന്നും മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. വനം വന്യജീവി വകുപ്പ് കോട്ടയം തലയോലപ്പറമ്പ് സെന്റ് ജോർജ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നടപ്പാക്കുന്ന വിദ്യാവനം പദ്ധതിയുടെയും സ്കൂളിലെ ഫോറസ്ട്രി ക്ലബ്ബിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. വടക്കൻ ജില്ലകളിൽ കനത്ത മഴ പെയ്യുമെന്നാണ് മുന്നറിയിപ്പ്. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കണ്ണൂർ, കാസർഗോഡ് തീരങ്ങളിൽ ഉയർന്ന തിരമാലകൾക്കും, കടൽ പ്രക്ഷുബ്ധമാകാനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കേരള തീരത്ത് നാളെ രാത്രി 11.30 വരെ, കള്ളക്കടൽ പ്രതിഭാസത്തിനും, 3.3 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ട്.

സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്ന കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെ തുടർന്ന് ദുരന്ത നിവാരണ അതോറിറ്റി പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി.

✪✪✪

കണ്ണൂർ ജില്ലയിലെ വിവിധ ഇടങ്ങളിൽ ഇന്നലെ വൈകിട്ട് വീശിയടിച്ച മിന്നൽ ചുഴലിക്കാറ്റിൽ വ്യാപക നാശനഷ്ടം. നിരവധി വീടുകൾക്ക് കേടു പറ്റി. വൈദ്യുതി തൂണുകളും ലൈനുകളും പൊട്ടിവീണു. പഴയങ്ങാടി, ആലക്കോട്, ചൊക്ലി, പടന്നക്കര, മയ്യിൽ, പിണറായി എന്നിവിടങ്ങളിലാണ് വലിയ നാശനഷ്ടം ഉണ്ടായത്. മരം കടപുഴകി വീണ് മാഹി റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോം പകർന്നു.

നാശനഷ്ടത്തിന്റെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്തി വരുന്നതായി അധികൃതർ അറിയിച്ചു.

✪✪✪

ദേശീയപാതയിൽ പയ്യോളി ഭാഗത്തെ രൂക്ഷമായ വെള്ളക്കെട്ടിന് പരിഹാരം കാണാൻ പയ്യോളി നഗരസഭയിലെയും, തിക്കോടി, മൂടാടി ഗ്രാമപഞ്ചായത്തുകളിലെയും എൻജിനീയർമാരും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥരും കരാറെടുത്ത വഗാഡ് കമ്പനിയുടെ ഉദ്യോഗസ്ഥരും പ്രത്യേക യോഗം ചേരുമെന്ന് കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു.

പയ്യോളി-വടകര ഭാഗത്ത് ദേശീയ പാതയിലെ വെള്ളക്കെട്ടിന് പരിഹാരം കാണാൻ പയ്യോളി മുൻസിപ്പാലിറ്റി ഓഫീസിൽ ചേർന്ന യോഗത്തിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരുവങ്ങൂർ മുതൽ മൂരാട് വരെ റോഡിലുള്ള കുഴികൾ അടിയന്തരമായി അടയ്ക്കാനും ദേശീയപാത അതോറിറ്റി ഉദ്യോഗസ്ഥർക്ക് കലക്ടർ നിർദ്ദേശം നൽകി. കരാർ കമ്പനിയുടെ നന്തിയിലെ തൊഴിലാളികളുടെ ക്യാമ്പിൽനിന്ന് മലിനജലം തുറന്നു വിടുന്ന പ്രശ്നത്തിന് കമ്പനി പരിഹാരം കാണണമെന്നും, ഇല്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്നും കളക്ടർ അറിയിച്ചു.

✪✪✪

വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ സെമിയിൽ. ശ്രീലങ്കയിലെ ദാംബുള്ളയിൽ നടന്ന അവസാന ഗ്രൂപ്പ് മത്സരത്തിൽ നേപ്പാളിനെ 82 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ സെമി പ്രവേശം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ ഉയർത്തിയ 179 റൺസ് വിജയലക്ഷ്യം പിന്തുടർന്ന നേപ്പാളിന്റെ മറുപടി 96 റൺസിൽ ഒതുങ്ങി.

ഗ്രൂപ്പ് എയിൽ നിന്ന് ഇന്ത്യയും പാകിസ്ഥാനും സെമിയിലേക്ക് യോഗ്യത നേടിയപ്പോൾ നേപ്പാളും യു.എ.ഇയും പുറത്തായി.

✪✪✪